**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 902** **26-07-2021 - ൽ മറുപടിയ്ക്ക്**

**പട്ടയം നൽകുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വർക്കല മണ്ഡലത്തിലെ നവായിക്കുളം വില്ലേജിൽ നൈനാംകോണം കോളനിയിൽ വർഷങ്ങളായി കുടികിടക്കുന്ന കുടുംബാംഗങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ; വിശദാംശം നൽകാമോ; | (എ) | വർക്കല മണ്ഡലത്തിലെ നാവായിക്കുളം വില്ലേജിൽ നൈനാംകോണം കോളനിയിലെ അന്യകൈവശത്തോടുകൂടി ഏറ്റെടുത്ത മിച്ചഭൂമി നിലവിലെ കൈവശക്കാർക്ക് പതിച്ച നൽകുന്നതിന് 1970 ലെ കേരള ഭൂപരിഷ്കരണ പരിധി ചട്ടങ്ങളിലെ 27-ാം ചട്ടപ്രകാരം ഫോറം 16-ൽ വിജ്ഞാപനം നടത്തിയതിനുശേഷം ലഭിച്ച അപേക്ഷകളിൽ സൂക്ഷ്മ പരിശോധന നടത്തി അർഹരായ 85 പേർക്ക് പട്ടയം നൽകിയിട്ടുള്ളതാണ്. ഇനിയും പട്ടയം നൽകാനുള്ളവർക്ക് പ്രത്യേക ടീമിനെ നിയോഗിച്ച് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | ഇവിടെ എത്ര പേർക്ക് പട്ടയം നല്കുവാനുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | ഇല്ല; ആയതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ